| 05-03-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - നിങ്ങൾക്ക് ശരീരസഹിതം എല്ലാ വസ്തുക്കളിൽ നിന്നുമുള്ള മമത്വത്തെ ഇല്ലാതാക്കണം, എപ്പോൾ നിങ്ങൾ ആത്മാക്കൾ പാവനവും കർമ്മാതീതവു മായിത്തീരുന്നുവോ അപ്പോൾ വീട്ടിലേക്ക് പോകാൻ സാധിക്കും.**

**ചോദ്യം -** ആത്മാവിന് ഏതൊരു കാര്യത്തോടാണ് ഏറ്റവും കൂടുതൽ പേടിയുള്ളത്, എന്തുകൊണ്ട്?
**ഉത്തരം -** ആത്മാവിന് ശരീരത്തെ ഉപേക്ഷിക്കുന്ന കാര്യത്തിലാണ് ഏറ്റവും കൂടുതൽ പേടിയുള്ളത് കാരണം ആത്മാവിന് ശരീരത്തോട് മോഹം വന്നുപോയി. അഥവാ ആരെങ്കിലും ദു:ഖം കാരണം ശരീരത്തെ ഉപേക്ഷിക്കാൻ ആഗ്രഹിച്ചാൽ പോലും അവർക്ക് തന്റെ പാപ കർമ്മങ്ങളുടെ ശിക്ഷ അനുഭവിക്കുക തന്നെ വേണം. സംഗമയുഗത്തിൽ നിങ്ങൾ കുട്ടികൾക്ക് യാതൊരു ഭയവുമില്ല. നിങ്ങൾക്ക് ഒന്നുകൂടി സന്തോഷമാണ് ഈ പഴയ ശരീരത്തെ ഉപേക്ഷിച്ച് തിരികെ ബാബയുടെ അടുക്കലേക്ക് പോകും.

**ഓംശാന്തി.** മധുര മധുരമായ കുട്ടികൾക്ക് മനസ്സിലാക്കി തന്നു ഒന്ന് ജ്ഞാനമാണ്, മറ്റൊന്ന് ഭക്തിയുമാണ്. ഡ്രാമയിൽ ഇത് അടങ്ങിയിട്ടുണ്ട്. ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ കുറിച്ച് മറ്റാർക്കും തന്നെ അറിയില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാമല്ലോ. സത്യയുഗത്തിൽ മരണ ഭയമില്ല. അറിയാം നമുക്ക് ഒരു ശരീരത്തെ ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കണമെന്ന്. ദു:ഖത്തിന്റെയോ കരച്ചിലിന്റെയോ കാര്യം തന്നെയില്ല. ഇവിടെ മരണത്തോട് ഭയമാണ്. ആത്മാവിന് ശരീരം ഉപേക്ഷിക്കുന്ന കാര്യത്തിൽ ദു:ഖമുണ്ടാകുന്നു. ഭയക്കുന്നു കാരണം വീണ്ടും രണ്ടാമതൊരു ജന്മമെടുത്ത് ദു:ഖം തന്നെ അനുഭവിക്കണമല്ലോ. നിങ്ങൾ സംഗമയുഗികളാണ്. നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തന്നു ഇപ്പോൾ തിരികെ പോകണം. എവിടെ? വീട്ടിലേക്ക്. അവിടെ ഭഗവാന്റെ വീടല്ലേ. ഇത് നിങ്ങളുടെ വീടല്ല, എവിടെയാണോ ഭഗവാനും നിങ്ങൾ ആത്മാക്കളും വസിക്കുന്നത് അവിടെയാണ് നിങ്ങളുടെ വീട്. അവിടെ ഈ ശരീരമില്ല. എങ്ങനെയാണോ മനുഷ്യർ പറയുന്നത് നമ്മൾ ഭാരതത്തിൽ വസിക്കുന്നു, നമ്മുടെ വീട്ടിൽ വസിക്കുന്നു എന്ന്, അതുപോലെ നിങ്ങളും പറയുന്നു നമ്മൾ ആത്മാക്കൾ നമ്മുടെ വീട്ടിലാണ് വസിക്കുന്നതെന്ന്. അവിടെ ആത്മാക്കളുടെ വീടാണ്, ഇവിടെ ജീവാത്മാക്കളുടെ വീടാണ്. അവിടെ മുക്തിധാമം എന്നാണ് പറയുന്നത്. മനുഷ്യർ അവിടേക്ക് പോകുന്നതിനുവേണ്ടിയുള്ള പ്രയത്നമെല്ലാം ചെയ്യുന്നുണ്ട്, ഭഗവാനെപ്പോയി കാണുന്നതിനുവേണ്ടി. ഭഗവാനുമായുള്ള മിലനത്തിന് വളരെയധികം സന്തോഷം ഉണ്ടായിരിക്കണം. ആത്മാവിന്റെ ഈ ശരീരത്തിനുമേൽ ആത്മാവിന് വളരെയധികം മോഹം വന്നു കഴിഞ്ഞു. അതുകൊണ്ട് ചെറിയൊരു അസുഖം വന്നാൽ തന്നെ പേടിയാണ് - ശരീരം ഉപേക്ഷിക്കുമോ എന്ന്. അജ്ഞാന കാലത്തിലാണ് ഭയമുണ്ടാവുക. ഈ സംഗമയുഗത്തിൽ നിങ്ങൾക്ക് അറിയാം ബാബയുടെ അടുത്തേക്ക് തിരികെ പോകണം. അപ്പോൾ ഭയത്തിന്റെ കാര്യം തന്നെയില്ല. ബാബ വളരെ നല്ല യുക്തി പറഞ്ഞു തന്നിട്ടുണ്ട്. പതിത ആത്മാക്കൾക്ക് എന്റെ അടുത്തേക്ക് മുക്തിധാമത്തിലേക്ക് വരാൻ സാധിക്കുകയില്ല. അത് പവിത്ര ആത്മാക്കളുടെ വീടാണ്. ഇത് മനുഷ്യരുടെ വീടാണ്. ഈ ശരീരം പഞ്ചതത്വങ്ങളാൽ നിർമ്മിതമാണ്. അപ്പോൾ പഞ്ചതത്വങ്ങൾ ഇവിടെയിരിക്കുന്നതിനായി ആകർഷിക്കുന്നു. ആകാശം, വായു, ജലം...... അവിടെ (മൂലവതനത്തിൽ) ഈ തത്വങ്ങളൊന്നും തന്നെയില്ല. ഇത് വിചാരസാഗരമഥനം ചെയ്യുന്നതിനുള്ള യുക്തികളാണ്. ആത്മാവ് ഈ സമ്പത്തെല്ലാം നേടിയതുകൊണ്ട് ശരീരത്തോട് മമത്വമുണ്ടായി. അല്ലെങ്കിൽ നമ്മൾ ആത്മാക്കൾ അവിടെ വസിക്കുന്നവരാണ്. ഇപ്പോൾ അങ്ങോട്ട് പോകുന്നതിനായുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. നിങ്ങൾ പവിത്രാത്മാക്കളായിത്തീരുമ്പോൾ നിങ്ങൾക്ക് സുഖം ലഭിക്കുന്നു. അപ്പോൾ ദു:ഖത്തിന്റെ കാര്യം തന്നെയില്ല. ഈ സമയം ദു:ഖധാമമാണ്. അപ്പോൾ ഈ പഞ്ച തത്വങ്ങളും ആകർഷിക്കുന്നു മുകളിൽ നിന്നും താഴേക്ക് വന്ന് പാർട്ട് അഭിനയിക്കുന്നതിനായി. പ്രകൃതിയുടെ ആധാരം തീർച്ചയായും എടുക്കുക തന്നെ വേണം. ഇല്ലെങ്കിൽ കളി മുന്നോട്ടു പോകില്ലല്ലോ. ഈ കളി സുഖ-ദു:ഖത്താൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. എപ്പോഴാണോ നിങ്ങൾ സുഖത്തിലിരിക്കുന്നത്, അപ്പോൾ പഞ്ച തത്വങ്ങളുടെ ശരീരത്തോട് മമത്വമുണ്ടായിരിക്കുകയില്ല. അവിടെ പവിത്രമായാണ് വസിക്കുന്നത്. ഇത്രയ്ക്കും മമത്വം ശരീരത്തോട് ഉണ്ടാവുകയില്ല. ഈ പഞ്ചതത്വങ്ങളോടുള്ള മമത്വവും ഉപേക്ഷിക്കുന്നു. നമ്മൾ പവിത്രമായതിനുശേഷം അവിടെ ശരീരവും യോഗബലത്തിലൂടെയാണ് ലഭിക്കുന്നത്. അതുകൊണ്ട് മായ ആകർഷിക്കുകയില്ല. നമ്മുടെ ആ ശരീരം യോഗബലത്തിന്റെതാണ് അതുകൊണ്ട് ദു:ഖമില്ല. ഡ്രാമ എത്ര അത്ഭുതകരമായാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ഇതെല്ലാം തന്നെ വളരെയധികം സൂക്ഷ്മമായി മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ആരാണോ വളരെ നല്ല ബുദ്ധിമാൻ സേവനത്തിൽ താല്പര്യമുള്ളത് അവർക്കേ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കൂ. ബാബ മനസ്സിലാക്കിത്തരുന്നു ജ്ഞാനധനം എത്രത്തോളം ദാനം ചെയ്യുന്നുവോ അത്രത്തോളം അത് വർദ്ധിക്കും ഒരിക്കലും കുറയുകയില്ല. ദാനം ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ

ധാരണയും ഉണ്ടാവും. ഇല്ലെങ്കിൽ ധാരണയുണ്ടാകാൻ ബുദ്ധിമുട്ടായിരിക്കും. അല്ലാതെ എഴുതുമ്പോൾ ധാരണയുണ്ടാകുമെന്ന് കരുതരുത്. എഴുതി ആരുടെയെങ്കിലും മംഗളത്തിനായി അയച്ചുകൊടുക്കുക എന്നുള്ളത് വേറെ കാര്യം. ചിലർക്ക് ഇത് പ്രയോജനപ്പെടുന്നില്ല. ചിലർ എഴുതിയശേഷം കടലാസ് വെറുതെ വലിച്ചെറിയുന്നു. ഇതും ഉള്ളിൽ മനസ്സിലാക്കണം ഞാൻ എഴുതുന്നത് പിന്നീട് പ്രയോജനപ്പെടുമെന്നുള്ളത്. എഴുതിയത് പിന്നീട് വലിച്ചെറിയുകയാണെങ്കിൽ എന്ത് പ്രയോജനമാണുള്ളത്. ഇതും ആത്മാവ് സ്വയത്തെ ചതിക്കുന്നതിനു സമാനമാണ്. ഇത് ധാരണ ചെയ്യേണ്ടതായ സാധനമാണ്. ബാബ ഒരിക്കലും എഴുതപ്പെട്ടതായ കാര്യങ്ങളല്ലല്ലോ വായിച്ചു കേൾപ്പിക്കുന്നത്. ബാബ ദിവസേന മനസ്സിലാക്കിത്തരുകയാണ്. ആദ്യമാദ്യം നിങ്ങൾക്ക് ബാബയുമായി സംബന്ധമുണ്ടായിരിക്കണം. ബാബയുടെ ഓർമ്മയിലൂടെ മാത്രമാണ് നിങ്ങൾ ആത്മാക്കൾ പവിത്രമായിത്തീരൂ. പിന്നീട് അവിടെയും നിങ്ങൾ ആത്മാക്കൾ പവിത്രമായിരിക്കുന്നു. ആത്മാവും ശരീരവും രണ്ടും പവിത്രമായിരിക്കുന്നു. പിന്നീട് ആ ബലം നഷ്ടപ്പെടുമ്പോൾ പഞ്ചതത്വങ്ങളുടെ ബലം ആത്മാവിനെ ആകർഷിക്കുന്നു. ആത്മാവിന് വീട്ടിലേക്ക് പോകുന്നതിനായി ശരീരത്തെ ഉപേക്ഷിക്കാനുള്ള പ്രീതിയുണ്ടാകുന്നു. നിങ്ങൾ പാവനമായിത്തീർന്ന് ശരീരത്തെ ഇങ്ങനെ ഉപേക്ഷിക്കുന്നു, വെണ്ണയിൽ നിന്നും മുടി എടുക്കുന്നത് പോലെ.

നിങ്ങൾ കുട്ടികൾക്ക് ശരീരസഹിതം എല്ലാ വസ്തുക്കളിൽ നിന്നുമുള്ള മമത്വത്തെ ഇല്ലാതാക്കണം. നമ്മൾ ആത്മാക്കൾ ശരീരം കൂടാതെയാണ് വന്നത്, തീർത്തും പരിശുദ്ധമായിരുന്നു. ഈ ലോകത്തോട് മമത്വമില്ലായിരുന്നു. അവിടെ ശരീരം ഉപേക്ഷിക്കുകയാണെങ്കിലും ആരും തന്നെ കരയുകയില്ല. യാതൊരു ബുദ്ധിമുട്ടുമില്ല, അസുഖവുമില്ല. ശരീരത്തോടും മമത്വമില്ല. എങ്ങനെയാണോ ആത്മാവ് പാർട്ട് അഭിനയിക്കുന്നത്, ഒരു ശരീരം വയസ്സായിക്കഴിഞ്ഞാൽ അടുത്തത് എടുക്കുന്നു പാർട്ട് അഭിനയിക്കുന്നതിനായി. അവിടെ രാവണ രാജ്യം തന്നെയില്ല. അപ്പോൾ ഈ സമയത്ത് ബാബയുടെ അടുത്തേക്ക് പോകാനുള്ള താൽപര്യമാണ് ഹൃദയത്തിലുള്ളത്. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ഈ ജ്ഞാനം ബുദ്ധിയിലുണ്ട്. ബാബ പറയുന്നു പവിത്രമായി തിരികെ വരണം. ഇപ്പോൾ എല്ലാവരും പതിതമാണ് അതുകൊണ്ട് പഞ്ചതത്വങ്ങളാൽ നിർമ്മിതമായ ശരീരത്തോട് മോഹമുണ്ട്. ഇതിനെ ഉപേക്ഷിക്കാനുള്ള മനസ്സില്ല. ഇല്ലെങ്കിൽ വിവേകം പറയുന്നു – ശരീരം ഉപേക്ഷിച്ച് നമ്മൾ ബാബയുടെ അടുത്തേക്ക് പോകണമെന്ന്. ഇപ്പോൾ പുരുഷാർത്ഥം ചെയ്യുന്നു നമുക്ക് പാവനമായി ബാബയുടെ അടുത്തേക്ക് പോകണം. ബാബ പറയുന്നു നിങ്ങൾ എന്റേതായിരുന്നു, ഇപ്പോൾ വീണ്ടും എന്നെ ഓർമ്മിക്കുകയാണെങ്കിൽ ആത്മാവ് പവിത്രമായിത്തീരുന്നു പിന്നീട് ഈ ശരീരം ധാരണ ചെയ്യുന്ന കാര്യത്തിലും യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. ഇപ്പോൾ ഈ ശരീരത്തോട് മോഹമുള്ളതുകൊണ്ടാണ് ഡോക്ടറെ വിളിക്കുന്നത്. നിങ്ങൾക്ക് സന്തോഷമുണ്ടായിരിക്കണം, നമ്മൾ ബാബയുടെ അടുത്തേക്ക് പോവുകയാണ്. ഈ ശരീരത്തോട് നമുക്ക് യാതൊരു സംബന്ധവുമില്ല. ഈ ശരീരം ലഭിച്ചിരിക്കുന്നത് പാർട്ട് അഭിനയിക്കാനാണ്. അവിടെ ആത്മാവും ശരീരവും രണ്ടും ആരോഗ്യശാലിയാണ്. ദു:ഖത്തിന്റെ പേരുതന്നെയില്ല. അപ്പോൾ കുട്ടികൾക്ക് എത്രത്തോളം പുരുഷാർത്ഥം ചെയ്യണം. ഇപ്പോൾ നമ്മൾ ബാബയുടെ അടുത്തേക്ക് പോവുകയാണ്. എന്തുകൊണ്ട് ഈ ശരീരത്തെ ഉപേക്ഷിച്ച് പൊയ്ക്കൂടാ. പക്ഷേ എതുവരെ യോഗം ചെയ്ത് പവിത്രമാകുന്നില്ലയോ കർമ്മാതീത അവസ്ഥ പ്രാപിക്കുന്നില്ലയോ അതുവരെയ്ക്കും പോകാൻ സാധിക്കില്ല. ഈ ചിന്തയൊന്നും തന്നെ അജ്ഞാനികളായ മനുഷ്യർക്ക് ഉണ്ടാവുകയില്ല. നിങ്ങൾ കുട്ടികൾക്ക് മാത്രമേ വരൂ. ഇപ്പോൾ നമുക്ക് പോകണം. ആദിയിൽ ആത്മാവിൽ ശക്തി ഉണ്ടാകുമ്പോൾ സന്തോഷവും ഉണ്ടാകുന്നു. ഒരിക്കലും ഭയമുണ്ടാകില്ല. ഇവിടെ ദു:ഖമായതുകൊണ്ടാണ് മനുഷ്യൻ ഭക്തിയെല്ലാം ചെയ്യുന്നത്. പക്ഷേ തിരികെ പോകാനുള്ള വഴി അറിയുകയില്ല. തിരികെ പോകാനുള്ള വഴി ഒരേയൊരു ബാബയ്ക്കു മാത്രമേ പറഞ്ഞു തരാൻ സാധിക്കൂ. നമുക്ക് ബാബയുടെ അടുക്കലേക്ക് പോകണം – എന്ന സന്തോഷം ഉണ്ടായിരിക്കണം. ബാബ മനസ്സിലാക്കിത്തരുന്നു ഇവിടെ നിങ്ങൾ ശരീരത്തോട് മോഹമുണ്ട്. ഈ മോഹത്തെ ഇല്ലാതാക്കൂ. ഇത് പഞ്ചതത്വങ്ങളുടെ ശരീരമാണ്. ഇതെല്ലാം തന്നെ മായയാണ്. ഈ കണ്ണുകൾകൊണ്ട് എന്തെല്ലാമാണോ കാണുന്നത് അതെല്ലാം തന്നെ മായയാണ്. ഇവിടെയുള്ള ഓരോ വസ്തുക്കളിലും ദു:ഖം തന്നെയാണ്. എത്ര മോശമാണ്. സ്വർഗ്ഗത്തിൽ ശരീരവും ഫസ്റ്റ് ക്ലാസ്സായിരിക്കും കൊട്ടാരവും ഫസ്റ്റ് ക്ലാസ്സ് ലഭിക്കും. അവിടെ ദു:ഖത്തിന്റെ കാര്യം തന്നെയില്ല. എങ്ങനെ ഉണ്ടാക്കപ്പെട്ടിട്ടുള്ള കളിയാണ്. ഇതെല്ലാം തന്നെ ചിന്തിക്കേണ്ട കാര്യങ്ങളല്ലേ. ബാബ പറയുന്നു മറ്റൊന്നും തന്നെ മനസ്സിലാക്കിയില്ലെങ്കിലും, ഇത് പറയൂ ബാബയെ ഓർമ്മിക്കൂ എന്നാൽ വികർമ്മം നശിക്കുമെന്ന്. സ്വർഗ്ഗത്തിലേക്ക് പോകും. നമ്മൾ ആത്മാക്കളാണ്. ഈ ശരീരമാകുന്ന കൂട് പിന്നീട് ലഭിച്ചതാണ് ഇതിൽ എന്തിന് പെട്ടു പോകണം. ബാബ മനസ്സിലാക്കിത്തരുന്നു ഇതിനെയാണ് രാവണ രാജ്യമെന്നു പറയുന്നത്. രാവണ രാജ്യത്തിൽ ദു:ഖം തന്നെ ദു:ഖമാണ്. സത്യയുഗത്തിൽ ദു:ഖത്തിന്റെ കാര്യം തന്നെയില്ല. ഇപ്പോൾ ബാബയുടെ ഓർമ്മയിലൂടെ ശക്തി നേടുന്നു കാരണം ദുർബലരായിത്തീർന്നിരിക്കുന്നു. ദേഹാഭിമാനമാണ് നമ്മെ ഏറ്റവും കൂടുതൽ ദുർബലനാക്കി മാറ്റുന്നത്.

അപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു ഈ ഡ്രാമ ഇങ്ങനെ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഇത് ഒരിക്കലും അവസാനിക്കുന്നില്ല. മോക്ഷത്തിന്റെ കാര്യം തന്നെ വരുന്നില്ല. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ നാടകമാണ്. പറയാറുണ്ട് എന്തിന് ചിന്തിക്കണം.... എന്താണോ കഴിഞ്ഞു പോയത് അത് വീണ്ടും സംഭവിക്കുക തന്നെ വേണം. ചിന്തിക്കേണ്ടതായ കാര്യം തന്നെയില്ല. സത്യയുഗത്തിൽ ഒന്നും തന്നെ മോശമായതില്ല. ഇവിടെ എല്ലാത്തിനും ചിന്തയാണ്. ബാബ പറയുന്നു ഇതും ഡ്രാമയാണ്. ബാബ വഴി പറഞ്ഞുതന്നിട്ടുണ്ട്. നിങ്ങൾ ബാബയുടെ അടുക്കലേക്ക് ഇതുപോലെ എത്തിച്ചേരുന്നു, എങ്ങനെയാണോ വെണ്ണയിൽ നിന്നും തലനാരിഴ. കേവലം നിങ്ങൾ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ആത്മാവ് പവിത്രമായിത്തീരുന്നു. പാവനമായിത്തീരാനുള്ള മറ്റൊരു യുക്തിയുമില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ രാവണരാജ്യത്തിലാണ് വസിക്കുന്നത്. അത് ഈശ്വരീയ രാജ്യമാണ്. ഈശ്വരീയ രാജ്യത്തിന്റെയും ആസുരീയ രാജ്യത്തിന്റെയും കളിയാണ്. എങ്ങനെയാണ് ഈശ്വരൻ വന്ന് സ്ഥാപിക്കുന്നതെന്ന് ആർക്കും തന്നെ അറിയില്ല. ബാബയെത്തന്നെയാണ് ജ്ഞാനത്തിന്റെ സാഗരൻ എന്ന് പറയുന്നത്. ബാബ തന്നെയാണ് വന്ന് എല്ലാം മനസ്സിലാക്കിത്തരുന്നത്. ഇപ്പോൾ നിങ്ങൾ മുഴുവൻ ജ്ഞാനവും മനസ്സിലാക്കുന്നു പിന്നീട് നിങ്ങൾ ഈ ജ്ഞാനമെല്ലാം തന്നെ മറന്നേക്കും. സ്വർഗ്ഗത്തിലേക്കു പോയാൽ ഈ ജ്ഞാനം നഷ്ടപ്പെടുന്നു. ഭഗവാൻ എങ്ങനെ ഡബിൾ കിരീടധാരിയാക്കിമാറ്റി എന്നതൊന്നും തന്നെ അറിയില്ല. ഇതു തന്നെ അറിയുന്നില്ലെങ്കിൽ മറ്റുള്ള ശാസ്ത്രങ്ങളെല്ലാം പഠിക്കുന്നവർക്ക് എന്തറിയാനാണ്. അവർക്ക് ഇതിന്റെ ഒരറിവും ഉണ്ടാവുകയില്ല. നിങ്ങൾ വന്ന് കേൾക്കുമ്പോൾ നിങ്ങൾക്ക് പെട്ടെന്ന് ഇതിനെക്കുറിച്ച് മനസ്സിലാകുന്നു. ഇതെല്ലാം തന്നെ ഗുപ്തമാണ്. ബാബ കേൾപ്പിക്കുന്നുണ്ട്, ഇത് കാണാൻ സാധിക്കുന്നുണ്ടോ? മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്, ആത്മാവിനെ കാണാൻ സാധിക്കുന്നുണ്ടോ? ദിവ്യദൃഷ്ടിയിലൂടെ കാണാൻ സാധിക്കുന്നു. ബാബ പറയുന്നു കാണുന്നതിലൂടെ എന്ത് മനസ്സിലാകാനാണ്? ആത്മാവ് ചെറിയൊരു ബിന്ദുവാണ്. ആത്മാക്കൾ അനേകമുണ്ട്. 10-20 എണ്ണത്തിന്റെയെങ്കിലും സാക്ഷാത്കാരം ലഭിക്കും അല്ലാതെ ഒന്ന് കാണുന്നതിലൂടെ മാത്രം മനസ്സിലാകാൻ പോകുന്നില്ല. വളരെയധികം പേർക്ക് സാക്ഷാത്കാരം ഉണ്ടാകുന്നുണ്ട്. ആത്മാവാണോ പരമാത്മാവാണോ എന്ന് എങ്ങനെ അറിയാൻ സാധിക്കും? വ്യത്യാസത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കില്ല. ഇരിക്കവേ ചെറിയ ചെറിയ ആത്മാക്കളെ കാണാൻ സാധിക്കുന്നു. ആത്മാവാണോ പരമാത്മാവാണോ എന്ന് ഒരിക്കലും അറിയാൻ സാധിക്കില്ല.

ഇപ്പോൾ നിങ്ങൾക്ക് അറിയാം ഇത്രയ്ക്കും ചെറിയ ആത്മാവിൽ എത്ര ശക്തിയാണെന്ന്. ആത്മാവ് അധികാരിയാണ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു പാർട്ട് അഭിനയിക്കുന്നതിനായി. എത്ര സ്വാഭാവികമാണ്! ശരീരത്തിന് അസുഖം വരുകയോ അല്ലെങ്കിൽ പൂർണ്ണമായും നശിക്കുകയോ ചെയ്താൽ കരുതുന്നു ഇതിനെക്കാളും നല്ലത് ശരീരം ഉപേക്ഷിക്കുകയാണെന്ന്. ആത്മാവ് ശരീരത്തിൽ നിന്നും മുക്തമാവുകയാണെങ്കിൽ ദു:ഖം ഇല്ലാതാകും. പക്ഷേ ശിരസ്സിലുള്ള പാപങ്ങളുടെ ഭാരത്തെ എങ്ങനെ ഇല്ലാതാക്കാനാണ്. നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നതു തന്നെ ഓർമ്മയിലൂടെ പാപത്തെ നശിപ്പിക്കുന്നതിനാണ്. രാവണൻ കാരണം വളരെയധികം പാപം ഉണ്ടായി. ഇതിൽ നിന്നും മുക്തമാകാനുള്ള വഴിയാണ് ബാബ മനസ്സിലാക്കി തരുന്നത്. കേവലം പറയുന്നു എന്നെത്തന്നെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഓർമ്മിച്ച് ഓർമ്മിച്ച് ശരീരത്തെ ഉപേക്ഷിക്കണം. നിങ്ങളുടെ പാപമെല്ലാം തന്നെ ഇല്ലാതാകുന്നു. ഓർമ്മിക്കുക എന്നുള്ളതും അത്ര എളുപ്പമല്ല. എന്നെ ഓർമ്മിക്കുന്നതിൽ മായ നിങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. ഇടയ്ക്കിടെ മറപ്പിക്കുന്നു. ബാബ അനുഭവം കേൾപ്പിക്കാറുണ്ട്. എനിക്ക് വളരെയധികം ആകർഷണം തോന്നാറുണ്ട്, പക്ഷേ മായ അതിനിടയിൽ ബുദ്ധിമുട്ടിക്കുന്നു. രണ്ടുപേരും ഒരുമിച്ചാണെങ്കിലും(ബാബയും ദാദയും) ഇടയ്ക്കിടെ മറന്നു പോകുന്നു. വളരെ കഠിനമാണ്. ഇടയ്ക്കിടെ അതും ഇതുമെല്ലാം തന്നെ ഓർമ്മ വരും. നിങ്ങൾ വളരെ നല്ല പുരുഷാർത്ഥം ചെയ്യണം. ചിലർ അന്ധവിശ്വാമുള്ളവരുമുണ്ട്. 10-15 ദിവസം ചാർട്ട് വെച്ച് പിന്നീട് ഉപേക്ഷിക്കുന്നു. ഇതിൽ വളരെയധികം ശ്രദ്ധിക്കേണ്ടതായുണ്ട്. മനസ്സിലാക്കുന്നുണ്ട് എപ്പോഴാണോ പവിത്രമാകുന്നത്, കർമ്മാതീത അവസ്ഥയിലേക്ക് എത്തുന്നത് അപ്പോൾ വിജയിക്കുമെന്ന്. ഇത് ഈശ്വരീയ ലോട്ടറിയാണല്ലോ. ബാബയെ ഓർമ്മിക്കുക എന്നുള്ളതാണ് - ഓർമ്മയുടെ ചരട്. ഇതെല്ലാം തന്നെ ബുദ്ധികൊണ്ട് മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ബാബയെ ഓർമ്മിക്കുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ബാബ പറയുന്നു ഇവർക്ക് ഓർമ്മിക്കാൻ തന്നെ അറിയുന്നില്ല. പദവിയിലും വ്യത്യാസമുണ്ടല്ലോ. എങ്ങനെ രാജധാനി സ്ഥാപിക്കപ്പെട്ടു. നിങ്ങൾ അനേക തവണ രാജ്യം ഭരിച്ചിരുന്നു പിന്നീട് നഷ്ടപ്പെടുത്തി. ബാബ ഓരോ 5000 വർഷങ്ങൾക്കു ശേഷവും പഠിപ്പിക്കുന്നുണ്ട്. പിന്നീട് രാവണരാജ്യത്തിൽ നിങ്ങൾ വാമമാർഗ്ഗത്തിലേക്ക് പോകുന്നു. ആരാണോ ദേവതകളായിരുന്നത്, അവരാണ് വാമമാർഗ്ഗത്തിലേക്ക് വീണുപോകുന്നത്, ബാബ വളരെ ഗുഹ്യമായ കാര്യങ്ങളാണ് കേൾപ്പിച്ചു തരുന്നത് - ബാബയെ ഓർമ്മിക്കുന്നതിനുവേണ്ടി. വളരെ സഹജമാണ്. ശരീരത്തെ ഉപേക്ഷിച്ച് ബാബയുടെ അടുക്കലേക്ക് പോകണം. എന്നെ അറിഞ്ഞാലല്ലേ യോഗബലത്തിലൂടെ വികർമ്മത്തെ നശിപ്പിക്കാൻ സാധിക്കൂ. അത് അവ

സാന സമയത്തേ ഉണ്ടാകൂ. പക്ഷേ ആരും തന്നെ തിരികെ വരുന്നില്ല. ആര് എന്ത് തന്നെ ചെയ്താലും യഥാർത്ഥ യോഗം ഞാൻ തന്നെ വന്നാണ് പഠിപ്പിക്കുന്നത്. പിന്നീട് അരക്കല്പത്തേക്ക് യോഗബലമാണ് ഉണ്ടാകുന്നത്. അവിടെ അളവറ്റ സുഖത്തിന്റെ അനുഭൂതിയുണ്ടാകുന്നു. ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ എന്തെല്ലാമാണ് ചെയ്യുന്നത്. എപ്പോഴാണോ ബാബ വന്ന് ജ്ഞാനത്തെ നൽകുന്നത് അപ്പോൾ ഭക്തിയുണ്ടാകുന്നില്ല. ജ്ഞാനത്തിലൂടെ പകലായാൽ പിന്നീട് ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല. ഭക്തിയാണ് രാത്രി ബുദ്ധിമുട്ടുള്ള സമയം. അവിടെ ദു:ഖത്തിന്റെ കാര്യം തന്നെയില്ല. ഈ കാര്യങ്ങളെല്ലാം തന്നെ ആരാണോ ഇവിടത്തെ തൈകൾ അവരുടെ ബുദ്ധിയിൽ മാത്രമേ ഇരിക്കുകയുള്ളൂ. ഇതെല്ലാം വളരെയധികം സൂക്ഷ്മമായ കാര്യങ്ങളാണ്, അത്ഭുതകരമായ ജ്ഞാനമാണ്. ഇത് ബാബയ്ക്കല്ലാതെ മറ്റാർക്കും തന്നെ മനസ്സിലാക്കിത്തരാൻ സാധിക്കില്ല. മനസ്സിലാക്കുന്നവരും വളരെ കുറച്ചാണ്. ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അതിൽ യാതൊരു വ്യത്യാസവും ഉണ്ടാവുകയില്ല. മനുഷ്യർ മനസ്സിലാക്കുന്നു പരമാത്മാവിന് എന്താണ് ചെയ്യാൻ സാധിക്കാത്തത് എന്ന്. പക്ഷേ ഭഗവാൻ വരുന്നത് ഒരു പ്രാവശ്യമാണ്. വന്നിട്ട് നിങ്ങൾക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴി പറഞ്ഞുതരുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധി എത്ര വിശാലമായിക്കഴിഞ്ഞു. ഇവർ രണ്ടുപേരും ഒരുമിച്ചാണ്. ഈ ബ്രഹ്മാവും ആരെയാണ് കാണുന്നത്, ശാന്തിയുടെ ദാനം ചെയ്യണം എന്ന് മനസ്സിലാക്കുന്നു. കാണുന്നതിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു ഇവർ നമ്മുടെ കുലത്തിലേതാണോ അല്ലയോ എന്ന്. സേവാധാരി കുട്ടികളുടെ ജോലിയാണ് നാഡി നോക്കുക എന്നുള്ളത്. അഥവാ നമ്മുടെ കുലത്തിലേതാണെങ്കിൽ ശാന്തമായിത്തീരും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം -

1. പാവനമായിത്തീർന്ന് ബാബയോടൊപ്പം വീട്ടിലേക്ക് പോകുന്നതിനുവേണ്ടി ഈ പഞ്ചതത്വങ്ങളാൽ നിർമ്മിതമായ ശരീരത്തോട് മമത്വം ഉണ്ടായിരിക്കരുത്. ശരീരം ഉപേക്ഷിക്കാനുള്ള ഭയത്തെ ഇല്ലാതാക്കണം.

2. ഓർമ്മയുടെ യാത്രയുടെ ചാർട്ട് വളരെ ശ്രദ്ധയോടെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം. യോഗബലത്തിലൂടെ ആത്മാവിനെ പാവനമാക്കി മാറ്റണം. കർമ്മാതീതമായിത്തീർന്ന് ഈശ്വരീയ ലോട്ടറി നേടണം.

## വരദാനം:- സിദ്ധിയെ സ്വീകരിക്കുന്നതിന് പകരം സിദ്ധിയുടെ പ്രത്യക്ഷ തെളിവ് കാണിച്ചുകൊടുക്കുന്ന ശക്തിശാലി ആത്മാവായി ഭവിക്കട്ടെ.

ഇപ്പോൾ താങ്കളെല്ലാവരുടെയും സിദ്ധിയുടെ പ്രത്യക്ഷരൂപം കാണപ്പെടും. ഏതെങ്കിലും മോശമായ കാര്യം പോലും താങ്കളുടെ ദൃഷ്ടിയിലൂടെ, താങ്കളുടെ സഹയോഗത്തിലൂടെ സഹജമായി പരിഹരിക്കപ്പെടും. ഏതെങ്കിലും സിദ്ധിയുടെ രൂപത്തിൽ താങ്കൾ പറയില്ല അതായത് ഇത് നടക്കുമെന്ന്. മറിച്ച് താങ്കളുടെ നിർദ്ദേശം സിദ്ധി സ്വതവേ പ്രാപ്തമാക്കിക്കൊണ്ടിരിക്കും അപ്പോൾ പ്രജകൾ വേഗം-വേഗം ഉണ്ടാകും, എല്ലാ ഭാഗത്ത് നിന്നും പുറപ്പെട്ട് താങ്കളുടെയടുത്ത് എത്തിച്ചേരും. ഈ സിദ്ധിയുടെ പാർട്ട് ഇപ്പോൾ നടക്കും പക്ഷെ ആദ്യം സിദ്ധിയെ സ്വീകരിക്കാതിരിക്കാൻ അത്രയും ശക്തിശാലിയാകൂ, അപ്പോൾ പ്രത്യക്ഷതയുണ്ടാകും.

## സ്ലോഗൻ:-അവ്യക്ത സ്ഥിതിയിൽ സ്ഥിതി ചെയ്ത് കൂടിക്കാഴ്ച ആഘോഷിക്കൂ എങ്കിൽ വരദാനങ്ങളുടെ ഭണ്ഡാരം തുറക്കും.